**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1286** **10-08-2017 ൽ മറുപടിക്ക്**

## അർഹതപ്പെട്ടവർക്കെല്ലാം സമയബന്ധിതമായി പട്ടയം നൽകാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി.ഡി.ദേവസ്സി,<br>ശ്രീ. കെ.വി.വിജയദാസ്<br>ശ്രീ. സി.കെ.ശശീന്ദ്രൻ<br>ശ്രീ. എസ്.രാജേന്ദ്രൻ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) അർഹതപ്പെട്ടവർക്കെല്ലാം സമയബന്ധിത മായി പട്ടയം നൽകുമെന്ന വാഗ്ദാനം നിറവേറ്റാനായി സ്വീകരിച്ച നടപടികൾ അറിയിക്കാമോ; | (എ) വർഷങ്ങളായി കൈവശം വെച്ച് വീട് വെച്ച് താമസിച്ചു വരുന്നവർക്ക് പതിച്ചു കിട്ടുന്നതിനായി ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് അപേക്ഷ ഭൂമി വില്ലേജ് റിക്കാർഡുകളിൽ റോഡ്, തോട്, കായൽ, കുളം, പുഴ, കനാൽ എന്നീ ഇനങ്ങളിൽപ്പെട്ട പുറമ്പോക്ക് ഭൂമി അല്ലായെങ്കിൽ നിലവിലുള്ള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. എല്ലാ ജില്ലകളിലും പട്ടയ നടപടികൾക്കായി സത്വര നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. പട്ടയ വിതരണത്തിന്മേൽ സത്വര നടപടികൾ സ്വീകരിക്കുവാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അർഹതപ്പെട്ടവർക്ക് സമയബന്ധിതമായി പട്ടയം അനുവദിക്കുന്നതിന് അർഹതയ്ക്ക് അനുസൃതമായി നിശ്ചിത എണ്ണം ലക്ഷ്യം നൽകി തീർപ്പു കൽപ്പിച്ചു വരുന്നുണ്ട്. |
| (ബി) ഏതൊക്കെ ജില്ലകളിൽ പട്ടയവിതരണം നടന്നു; ഇടുക്കി ജില്ലയിൽ നൽകിയ പട്ടയം സോപാധികമാണോ; പട്ടയ ഭൂമിയിൽ കർഷകർ നട്ടുവളർത്തിയ മരങ്ങൾ മുറിക്കുന്നതിന് നിയന്ത്രണം ഉണ്ടോ; | (ബി) ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, കാസറഗോഡ്, ഇടുക്കി, പാലക്കാട് എന്നീ ജില്ലകളിൽ പട്ടയ വിതരണം നടത്തിയിട്ടുണ്ട്. നിലവിലെ നിയമങ്ങളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിലാണ് പട്ടയം വിതരണം ചെയ്തിട്ടുള്ളത്. പട്ടയത്തിൽ റിസർവ്വ് ചെയ്തിട്ടുള്ള മരങ്ങൾ സർക്കാരിൽ നിക്ഷിപ്തമാണ്. കൂടാതെ വനം വകുപ്പിന്റെ പ്രത്യേക അനുമതി ആവശ്യമുള്ള വിഭാഗങ്ങളിൽപ്പെട്ട മരങ്ങൾ മുറിച്ചു മാറ്റുന്നതിന് നിയന്ത്രണമുള്ളതാണ്. ഇടുക്കി ജില്ലയിൽ 21/05/2017 ന് പട്ടയമേള നടത്തിയിട്ടുണ്ടായിരുന്നു. വിതരണം ചെയ്ത പട്ടയങ്ങൾ സോപാധികമാണെന്ന് ഇടുക്കി ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) ഇടുക്കി ജില്ലയിൽ വ്യാപകമായുള്ള സങ്കീർണ്ണമായ ഭൂപ്രശ്നം പരിഹരിക്കാൻ സമഗ്ര നിയമ നിർമ്മാണം നടത്തി പ്രത്യേക അതോറിറ്റി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി) 1964 ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനു നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) മറ്റു ജില്ലകളിൽ ലാന്റ് ട്രൈബ്യൂണലുകളുടെ മുമ്പാകെ ദീർഘകാലമായി തീരുമാന മാകാതെ കിടക്കുന്ന കേസുകൾ സമയബന്ധിതമായി പരിഗണി ക്കുന്നതിന് നടപടിയുണ്ടാകുമോ എന്ന് വ്യക്തമാക്കുമോ? | (ഡി) ദീർഘകാലമായി ലാൻഡ് ട്രൈബ്യൂണലുകളിൽ കെട്ടി കിടക്കുന്ന അപേക്ഷകൾ തീർപ്പാക്കുവാൻ ലാൻഡ് ബോർഡ് മുഖേന ഊർജ്ജിത നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരളത്തിൽ 17 ലാൻഡ് ട്രൈബ്യൂണലുകളാണ് ഉള്ളത്. ഏറ്റവും കൂടുതൽ അപേക്ഷകൾ കെട്ടികിടക്കുന്ന തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ 29 സ്പെഷ്യൽ തഹസീൽദാർമാർക്ക് ലാൻഡ് ട്രൈബ്യൂണലുകളുടെ അധിക ചുമതല നൽകിയിട്ടുണ്ട്. അങ്ങനെ 46 ട്രൈബ്യൂണലുകൾ ഇപ്പോൾ പ്രവർത്തിച്ചു വരുന്നു. കൂടാതെ ദേവസ്വം കേസുകൾക്കായി പതിനാല് ജില്ലകളിലും ഡെപ്യൂട്ടി കളക്ടർമാരെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. കാണം കേസുകൾ പ്രത്യേകമായി സെറ്റിൽ ചെയ്യുന്നതിന് സെറ്റിൽമെന്റ് ഓഫീസറെയും നിയമിച്ചിട്ടുണ്ട്. ലാൻഡ് ട്രൈബ്യൂണലുകളിൽ തഹസീൽദാർമാരെ അടിക്കടി സ്ഥലം മാറ്റാതിരിക്കാൻ രണ്ട് വർഷത്തിൽ കൂടുതൽ സർവ്വീസ് ശേഷിക്കുന്നവരെ മാത്രമേ നിയമിക്കാവൂ എന്നും അവരെ രണ്ട് വർഷത്തേയ്ക്ക് സ്ഥലം |

മാറ്റരുതെന്നും കർശന നിർദ്ദേശവും ഉണ്ട്. ഓരോ ട്രൈബ്യൂണലും പ്രതിമാസം തീർപ്പാക്കേണ്ട കേസുകളുടെ ടാർജറ്റ് നിശ്ചയിച്ച് നൽകിയിട്ടുണ്ട്. കേസ് തീർപ്പാക്കൽ പുരോഗതി അവലോകനം ചെയ്യാൻ എല്ലാ മാസവും ട്രൈബ്യൂണലുകളുടെ മീറ്റിംഗുകൾ, വീഡിയോ കോൺഫറൻസുകൾ എന്നിവ ലാൻഡ് ബോർഡ് മുഖാന്തിരം നടത്തി വരുന്നുണ്ട്. കേസ് തീർപ്പാക്കലിന്റെ പ്രതിദിന പുരോഗതി വിലയിരുത്താൻ ലാൻഡ് ബോർഡിൽ പ്രത്യേക വിഭാഗവും രൂപീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ